**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 536** **06-12-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീഇമ്പേഴ്സ്മെന്റും മെഡിസെപ്പും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യം ഉള്ള സംസ്ഥാന സർവ്വീസ് പെൻഷനേഴ്സിൽ നിന്ന് മെഡിസെപ് പ്രീമിയം ഈടാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | 23.06.2022 -ലെ സ.ഉ.(പി)70/2022-ധന പ്രകാരം പ്രസിദ്ധീകരിച്ച മെഡിസെപ് പദ്ധതിയിൽ കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിൽ അംഗങ്ങളാണ്. ആയതിനാൽ തന്നെയും കേന്ദ്ര സർക്കാരിന്റെ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യം ഉള്ള സംസ്ഥാന സർവ്വീസ് പെൻഷനേഴ്സിൽ നിന്ന് മെഡിസെപ് പ്രീമിയം ഈടാക്കുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ ആനുകൂല്യം ഉള്ള പെൻഷനേഴ്സിനെ അവരുടെ ഇഷ്ടപ്രകാരം മെഡിസെപ് പദ്ധതിയിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | മെഡിസെപ് പദ്ധതിയിൽ നിന്നും ഇപ്രകാരമുള്ള പെൻഷൻകാരെ അവരുടെ ഇഷ്ടപ്രകാരം ഒഴിവാക്കുകയാണെങ്കിൽ ആയത് അംഗങ്ങളുടെ കൊഴിഞ്ഞ് പോക്കിന് കാരണമാകുകയും അത് ഫലത്തിൽ പദ്ധതിയുടെ ഉദ്ദേശശുദ്ധിയ്ക്ക് വിഘാതം സൃഷ്ടിക്കുമെന്നതിനാലും മെഡിസെപ് പദ്ധതിയിൽ നിന്നും ആരെയും ഒഴിവാക്കാൻ സാധിക്കാത്തതും പ്രീമിയം അടവിൽ നിന്നും ഒരു വിഭാഗത്തെ മാത്രം നിലവിൽ മാറ്റി നിർത്താൻ കഴിയാത്തതുമാണ്. |

സെക്ഷൻ ഓഫീസർ